(ബി) സംസ്ഥാനത്തെ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞ മണ്ടു വർഷത്തിനിടയിൽ കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച ധനസഹായത്തിന്റെ വിശദ വിവരം അനുബന്ധമായി വച്ചിരിക്കുന്നു. †

(സി) സ്വയം സിദ്ധ പദ്ധതി, ഒരു കപ്പ് പാലും ഷെക്ക് ഹാന്റും പദ്ധതി, ബാലികാ സമൃദ്ധി യോജന, ഐ.സി.ഡി.എസ്. (ജനറൽ), എ പ്രോഗ്രാം ഫോർ ജുവനൈൽ ജസ്റ്റിസ്, ലോക ബാങ്കിന്റെ സഹായത്തോടുകൂടിയുള്ള മൂന്നാം ഘട്ട ഐ. സി. ഡി. എസ്. പദ്ധതി, വികലാംഗ ക്ഷേമ പ്രവർത്തനം നടത്തുന്ന സന്നദ്ധ സംഘടനകൾക്കുള്ള ഗ്രാന്റ്, വികലാംഗ ഉപകരണങ്ങൾ വിതരണം ചെയ്യുന്ന സന്നദ്ധ സംഘടനകൾക്കുള്ള ഗ്രാന്റ്, മദ്യത്തിനും മയക്കുമരുന്നിനും അടിമപ്പെടുന്ന വ്യക്തികളുടെ ചികിത്സയ്ക്കും പുനരധിവാസത്തിനും വേണ്ടി പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനകൾക്കുള്ള ഗ്രാന്റ്, വർക്കിംഗ് വിമൻസ് ഹോസ്റ്റൽ, വൃദ്ധ സദന മെയിന്റനൻസ്, സ്ത്രീകൾക്ക് നേരെയുള്ള കുറ്റകൃത്യം തടയാൻ ബോധവൽക്കരണം നടത്തുന്ന സന്നദ്ധ സംഘടനകൾക്കുള്ള ഗ്രാന്റ്, സ്റ്റെപ്പ്, നൊറാഡ്, ഷോർട്ട് സ്റ്റേ ഹോം, ദേശീയ വാർദ്ധക്യകാല പെൻഷൻ (കേന്ദ്ര വിഹിതം), ദേശീയ കുടുംബക്ഷേമ പദ്ധതി എന്നിവയ്ക്ക് കേന്ദ്ര സർക്കാർ ധന സഹായം ലഭിച്ചുവരുന്നു.

(ഡി) 2002-2003 വർഷത്തിൽ കേന്ദ്ര സർക്കാർ ധനസഹായത്തിനായി ശുപാർശ ചെയ്ത സന്നദ്ധ സംഘടനകളുടെ ലിസ്റ്റ് അനുബന്ധമായി വച്ചിരിക്കുന്നു.†

(ഇ) കേന്ദ്ര സർക്കാർ ധനസഹായത്തിനായി ലഭിക്കുന്ന അപേക്ഷകളിൻമേൽ സാമൂഹ്യക്ഷേമവകുപ്പ് ഉദ്യോഗസ്ഥൻമാർ വിശദമായി പരിശോധന നടത്തി അന്വേഷണ റിപ്പോർട്ട് സഹിതം ശുപാർശ ചെയ്ത് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് അയയ്ക്കുക മാത്രമാണ് ചെയ്യുന്നത്. ഏതൊക്കെ അപേക്ഷകൾ തീർപ്പാക്കിയെന്നും ഏതൊക്കെ തീർപ്പാക്കാനുണ്ടെന്നുമുള്ള വിവരം കേന്ദ്ര സർക്കാർ സംസ്ഥാന സർക്കാരിനെ അറിയിക്കാറില്ല.

വ്യവസായ നയത്തിന്റെ അടിസ്ഥാനത്തിൽ വ്യാവസായിക രംഗത്ത് ഉണ്ടായ പുരോഗതി

*6 [469] ശ്രീ. ടി. കെ. ബാലൻ:

„ എ. കെ. ബാലൻ:

„ സാജുപോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റ് പ്രഖ്യാപിച്ച വ്യവസായ നയത്തിന്റെ അടിസ്ഥാനത്തിൽ വ്യാവസായിക രംഗത്ത് ഉണ്ടായ പുരോഗതി വെളിപ്പെടുത്തുമോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കഴിഞ്ഞ രണ്ടുവർഷക്കാലത്തിനിടയിൽ സംസ്ഥാനത്തെ വ്യവസായ മേഖലയിൽ ഉണ്ടായ പുതിയ നിക്ഷേപം എത്രയാണ്;

(സി) ഏതെല്ലാം മേഖലകളിലാണ് പുതിയ നിക്ഷേപം ഉണ്ടായതെന്ന് സ്ഥാപനം തിരിച്ച് വെളിപ്പെടുത്തുമോ;

(ഡി) കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ എത്ര പുതിയ തൊഴിൽ അവസരങ്ങൾ വ്യവസായ മേഖലയിൽ സൃഷ്ടിക്കാൻ കഴിഞ്ഞുവെന്ന് വെളിപ്പെടുത്തുമോ?

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി):

(എ) വ്യവസായ നയത്തിന്റെ അടിസ്ഥാനത്തിലുണ്ടായ പുരോഗതി താഴെ പറയുന്നവയാണ്:

വ്യവസായ മേഖലയിൽ വിവിധ പ്രോത്സാഹനങ്ങൾ നൽകിയതിലൂടെ, വ്യവസായങ്ങൾ സ്ഥാപിതമാവുകയും അതുവഴി തൊഴിൽ സാദ്ധ്യതകൾ വർദ്ധിക്കുകയും ചെയ്തു. ഏകജാലക സംവിധാനം പ്രാവർത്തികമാക്കുന്നതിനായി നടപടിക്രമങ്ങൾ ആവിഷ്കരിക്കുകയും അതിൻപ്രകാരം വിവിധ സർക്കാർ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയുണ്ടായി.

വിവിധ മേഖലകളിൽ നിക്ഷേപ സാദ്ധ്യതയുള്ള പദ്ധതികൾക്ക് ഊന്നൽ നൽകിക്കൊണ്ട് ആഗോള നിക്ഷേപക സമ്മേളനം സംഘടിപ്പിച്ചതിലൂടെ നിക്ഷേപം സംസ്ഥാനത്തിലേക്ക് ആകർഷിക്കുന്നതിനും കേരളം ഒരു നിക്ഷേപക സൗഹൃദ സംസ്ഥാനമായി എന്ന സന്ദേശം ലോകമെങ്ങും പ്രചരിപ്പിക്കുന്നതിനും സാധിച്ചു. ആഗോള നിക്ഷേപക സമ്മേളനത്തിൽ ഏകദേശം 26000 കോടി രൂപയിലേറെ നിക്ഷേപ സാദ്ധ്യതയുള്ള 96 ധാരണാ പത്രങ്ങൾ ഒപ്പുവയ്ക്കുകയുണ്ടായി. വ്യവസായ നയത്തിന്റെ ഭാഗമായി കിൻഫ്ര പലതരത്തിലുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ സ്ഥാപിച്ചിട്ടുണ്ട്. ഇതുസംബന്ധമായ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.†

ചെറുകിട വ്യവസായ മേഖലയുടെ ഉന്നമനത്തിനും പരമ്പരാഗത വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനും കൈത്തറി വ്യവസായ പുരോഗതി കൈവരുന്നതിനും ആവശ്യമായ പല പദ്ധതികളും ഇതിനകം സ്വീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. 2001-02, 2002-03 വർഷത്തിൽ ഏകദേശം 30448 ചെറുകിട വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി, സി) കെ. എസ്. ഐ. ഡി. സി.-യുടെ സഹായത്തോടെ പൂർത്തിയാക്കിയ പദ്ധതികളിലെ നിക്ഷേപം താഴെ ചേർക്കുന്നു:

2001-2002	..	127.54 കോടി
2002-2003	..	94.17 കോടി
ആകെ	..	221.71 കോടി

(സ്ഥാപനങ്ങളുടേയും നിക്ഷേപങ്ങളുടേയും വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.) †

കഴിഞ്ഞ രണ്ടു വർഷത്തിനിടയിൽ ചെറുകിട വ്യവസായ രംഗത്ത് എല്ലാ മേഖലകളിലും കൂടി 440.06 കോടി രൂപയുടെ വ്യവസായ നിക്ഷേപം ഉണ്ടായിട്ടുണ്ട്. ജൈവ സാങ്കേതിക വിദ്യ, കാർഷികാധിഷ്ഠിത ഭക്ഷ്യ സംസ്കരണം, വിവര സാങ്കേതിക വിദ്യ തുടങ്ങിയ പുതിയ മേഖലകളും ഇവയിൽ പെടുന്നു. കിൻഫ്രയുടെ കീഴിലുള്ള വിവിധ വ്യവസായ പാർക്കുകളിൽ ഉണ്ടായിട്ടുള്ള സ്ഥാപനങ്ങളും നിക്ഷേപങ്ങളും അനുബന്ധമായി ചേർത്തിട്ടുണ്ട്. †

(ഡി) ചെറുകിട വ്യവസായ മേഖലയിൽ 97645-ഉം വൻകിട-ഇടത്തരം വ്യവസായങ്ങളിൽ (വ്യവസായ വികസന കോർപ്പറേഷന്റെ പരിധിയിൽ വരുന്ന) 3246-ഉം കിൻഫ്രയുടെ വ്യവസായ പാർക്കുകളിലൂടെ 1138-ഉം പേർക്ക് തൊഴിൽ നൽകാനായിട്ടുണ്ട്.

വ്യാവസായിക പ്രവർത്തനത്തിന് കുടുംബ സംഗമം

*7 [490] ശ്രീ. കോടിയേരി ബാലകൃഷ്ണൻ:

,, കെ. വി. കുഞ്ഞിരാമൻ:

,, മഞ്ഞളാംകുഴി അലി:

,, കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നയുടൻ വ്യാവസായിക പ്രവർത്തനത്തിന് 'കുടുംബ സംഗമം' എന്ന നൂതന പദ്ധതി സംസ്ഥാനത്ത് നടപ്പിൽ. വരുത്തുമെന്ന നയം പ്രഖ്യാപിക്കുകയുണ്ടായോ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly